# Covid - 19 Special Parish Bulletin - online

Volume VI, February 2021



## ST. THOMAS FORANE CHURCH

Dharmaram College, Bangalore - 560029

Tel.: 080 43702482


## ഇടയനാദം

### വിഭൂതി തിരുനാൾ/വലിയനോമ്പ്

പോയവർഷത്തെ ഓശാന തിരുന്നാളിൽ ഉയർന്നുപാറിയ കുരുത്തോലകൾ ചാരമായി നമ്മുടെ നെറ്റിയിൽ കുരിശുചിഹ്നമായി അടയാളപ്പെടുത്തുന്ന ദിനം–വിഭൂതി തിരുനാൾ. ആന്തരിക നേത്രങ്ങൾ ധ്യാനപൂർവ്വം തുറക്കേണ്ട ദിനം. "മനുഷ്യാ നീ മണ്ണാകുന്നു... മണ്ണിലേക്ക് മടങ്ങേണ്ടവ"നാണെന്ന് നെറ്റിയിലെ നനവ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഏതെങ്കിലും വിധത്തിലുള്ള പരീക്ഷണങ്ങളിലൂടെ കടന്നു പോകാത്തവരായി ആരും തന്നെ ഉണ്ടാവില്ല. ശരീരത്തിലും മനസ്സിലും ആത്മാവിലും അനുഭവപ്പെടുന്ന നിരന്തര പരീക്ഷണങ്ങൾ മനുഷ്യജീവിതത്തിന്റെ ഭാഗം തന്നെയാണ്.

പരീക്ഷണങ്ങളെ നേരിട്ട് ജയിച്ച ദൈവപുത്രൻ വലിയനോമ്പ്കാലത്ത് നമ്മുടെ ചിന്തകളിലും ധ്യാനങ്ങളിലും കൂടുതലായി കടന്നുവരുന്നു. ദൈവാത്മാവിനാൽ നയിക്കപ്പെട്ട ദൈവപുത്രൻ നമ്മുടെ കൂടെ വരുന്ന കാലഘട്ടമാണിത്.

നോമ്പുകാലം നമുക്ക് ദൈവകൃപ ആവോളം സംഭരിക്കാനുള്ള നാളുകളാണ്. ആത്മീയജീവിതത്തിന്റെ വസന്തകാലമാണത്. ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്ത പ്രവൃത്തികളും വഴി ആത്മാവിനെ ബലപ്പെടുത്താൻ ബോധപൂർവ്വം പരിശ്രമിക്കാം.

നമ്മുടെ ഇടവക സമൂഹം ഒന്നിച്ച് വിശുദ്ധീകരിക്കപ്പെടുകയും ശക്തിസംഭരിക്കുകയും ചെയ്യുന്ന ഈ ത്യാഗ ദിനങ്ങളിൽ കഴിവുള്ള രീതിയിൽ നമുക്കു പങ്കാളികളാകാം.

കോവിഡ് മഹാമാരിയുടെ കാലത്ത് കൂദാശകളിൽനിന്ന് അകന്നു നിൽക്കുന്ന സാഹചര്യം ഉണ്ടായി. എന്നാൽ ഈ നോമ്പുദിനങ്ങൾ കൂദാശകൾ സ്വീകരിക്കാനും ഈശോയോട് കൂടുതൽ അടുക്കാനും ഇടവരട്ടെ.

കോവിഡ് ക്ലേശങ്ങളിൽപ്പെട്ടവരെ പ്രത്യേകം സ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

വാർഡടിസ്ഥാനത്തിൽ കുരിശിന്റെ വഴിയിൽ കഴിവുള്ളവരെല്ലാം സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

(ഓർമ്മിക്കാൻ: ജോയേൽ 2:12–13;
സങ്കീ.51: 10–11)


**സിറിയക് മഠത്തിലച്ചൻ സി. എം. ഐ.**
**ജോയ്സ് മടുക്കകുഴിയച്ചൻ സി.എം.ഐ. – 9916719743**
**ഷിജിൻ പുളിമൂട്ടിലച്ചൻ സി.എം.ഐ. – 9510888287**


## നന്ദി – സ്വാഗതം





കഴിഞ്ഞ 1 വർഷം അസി. വികാരിമാരായി ശുശ്രൂഷാ പൗരോഹിത്യസേവനം നമ്മുടെ ഇടവകയിൽ നിർവ്വഹിച്ച് സ്ഥലം മാറി പോകുന്ന ബഹുമാനപ്പെട്ട ഷിജിൻ പുളിമൂട്ടിലച്ചനും, ബ. ജോയ്സ് മടുക്കകുഴിയച്ചനും, ഇടവകയുടെ നന്ദിയും ആശംസകളും അറിയിക്കുന്നു.





പുതുതായി അസി. വികാരിമാരായി നിയമിതരായിരിക്കുന്ന ബഹുമാനപ്പെട്ട റിജോ കളത്തിൽ അച്ചനും, ബ. നിബിൻ അരീക്കത്താഴെ അച്ചനും, ഹാർദ്ദമായ സ്വാഗതവും, ആശംസകളും നേരുന്നു.

# Valiyanombu 2021

Dear Brothers, Sisters and loving children,

Let us actively take part in the 'Valiyanombu' by attending Holy Qurbana, confession, reading the Bible, doing acts of charity, praying for Covid patients and Way of the Cross.

## Way of the Cross

**Sundays at 5.30 pm (Inside the Church); Fridays after 6.00 pm Holy Qurbana (around the Church)**

| Date | Day | Wards & Convents | Time |
|---|---|---|---|
| 19-02-2021 | Friday | St. Xavier Ward; S H Ward, J P Nagar; Alphonsa Bhavan (FCC) | After 6.00 pm H. Qurbana |
| 21-02-2021 | Sunday | St. Thomas Ward; Basania (St. Martha's Convent) | 5.30 pm |
| 26-02-2021 | Friday | St. Francis Assisi Ward; St. Joseph's Ward, Lakkasandra; Sanjeevana (S. H. Study House) | After 6.00 pm H. Qurbana |
| 28-02-2021 | Sunday | St. Alphonsa Ward; Savina Sisters | 5.30 pm |
| 05-03-2021 | Friday | Holy Trinity Ward; Don Bosco Ward, Madiwala; Shanthi Dham (S.H. Juniorate) | After 6.00 pm H. Qurbana |
| 07-03-2021 | Sunday | St. Sebastian Ward; Holy Family (CHF) | 5.30 pm |
| 12-03-2021 | Friday | St. Pauls Ward, Chickadugodi; Infant Jesus Ward Jayanagar; Precious Blood (Jyothidhan) | After 6.00 pm H. Qurbana |
| 14-03-2021 | Sunday | St. Jude Ward, BTM; St. Mary's Ward, Thavarakere; Jnanodhaya (CMC) | 5.30 pm |
| 19-03-2021 | Friday | St. Chavara Ward; St. George Ward, Wilson Garden; FDSHJ (St. Chavara Krupalaya) | After 6.00 pm H. Qurbana |
| 21-03-2021 | Sunday | St. John's Ward, St. Mariam Thresia Ward; Sannidhana (SABS) | 5.30 pm |
| 26-03-2021 | Friday | Holy Family Ward; St. Joseph's Ward, Adugody | After 6.00 pm H. Qurbana |

***NB: It is obligatory to fast and abstain on Vibhoothi Thirunal & Good Friday***

### വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണം

ജനുവരി 31–ാം തിയതി 9 മണിയുടെ വിശുദ്ധ കുർബാനയോടുകൂടി വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിന് ഇടവകയിൽ തുടക്കം കുറിച്ചു. 9 മണിയുടെ വിശുദ്ധ കുർബാനക്കുശേഷം പിതൃവേദിയുടെ നേതൃത്വത്തിൽ ഉദ്ഘാടനം നിർവഹിച്ചു.

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തിൽ കുടുംബങ്ങളിൽ ചൊല്ലാനുള്ള പ്രാർത്ഥന അച്ചടിച്ചു നൽകിയിട്ടുണ്ട്. സന്ധ്യാപ്രാർത്ഥനക്കൊപ്പം ഈ പ്രാർത്ഥന കുടുംബങ്ങളിൽ ചൊല്ലുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ദേവാലയത്തിൽ എല്ലാ ബുധനാഴ്ചയും





വൈകുന്നേരം 6.30 നുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം വിശുദ്ധ യൗസേപ്പിതാവിനോടുള്ള നൊവേനപ്രാർത്ഥന ഉണ്ടായിരിക്കും.

'കുടുംബ വിചാരം' ഫാമിലി റിട്രീറ്റിനോടാനുബന്ധിച്ചു ഫെബ്രുവരി 27, 28 തീയതികളിൽ ഹുളിമാവ് സന്തോം പാസ്റ്ററൽ സെന്ററിൽ ഫാമിലി കൗൺസിലിങ് ക്രമികരിക്കുന്നു. ആവശ്യക്കാർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

***For regitsration contact:*** 9449551446 (Shinto Mathew) / 9483960398 (Mr. Johnson)

# ഇടവകത്തിരുനാൾ

ഇടവക മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടെയും, രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുനാൾ ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തി. തിരുനാളിന് ഒരുക്കമായുള്ള കൊടിയേറ്റം ജനുവരി 29–ാം തിയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 6.30 ന് വികാരി ഫാ. സിറിയക് മഠത്തിൽ സി.എം.ഐ നിർവ്വഹിച്ചു.

ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെ രാവിലെ 6.30 ന് വിശുദ്ധ കുർബാനയും, വൈകിട്ട് 6.30 ന് ആഘോഷമായ വിശുദ്ധ കുർബാനയും, നവനാൾ പ്രാർത്ഥനയും ഉണ്ടായിരുന്നു. തിരുന്നാൾ ദിവസമായ ഫെബ്രുവരി 7–ാം തിയതി ഞായറാഴ്ച രാവിലെ 6.30നും, 9നും, 11നും, വൈകുന്നേരം 6.30നും ആഘോഷമായ തിരുനാൾ കുർബാന ഉണ്ടായിരുന്നു. 9 മണിയുടെ തിരുന്നാൾ കുർബ്ബാനക്കുശേഷം പ്രസുദേന്തിമാർക്ക് പ്രത്യേകം പ്രാർത്ഥനയും വൈകുന്നേരം 6.30 ന്റെ കുർബ്ബാനക്ക്ശേഷം ദേവാലയത്തിന് ഉള്ളിലൂടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും ഉണ്ടായിരുന്നു. വൈകിട്ട് 8 മണിക്ക് കൊടിയിറക്കത്തോടെ തിരുനാൾ സമാപിച്ചു.













## കുടുംബനവീകരണധ്യാനം

തിരുനാളിനോടനുബന്ധിച്ചുള്ള കുടുംബനവീകരണ ധ്യാനം ഫെബ്രുവരി 14–ാം തിയതി ഞായറാഴ്ച വൈകുന്നേരം 7.30 മുതൽ 9 വരെ Zoom App ലൂടെ ഫാ. ദാനിയേൽ പൂവണ്ണത്തിൽ നയിച്ചു. ദേവാലയത്തിനകത്തും ധ്യാനത്തിൽ പങ്കുകൊള്ളാൻ സൗകര്യം ഒരുക്കിയിരുന്നു.

## Students Bible Quiz

ജനുവരി 10–ാം തിയതി രൂപതയുടെ Commission for Bible and Catechetics നടത്തിയ Students Bible Quiz ൽ സെന്റ് തോമസ് ഫൊറോന പള്ളി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ!

LP Section
Rank 2



Christina Tess Joe

UP Section
Rank 1



Naina Elizabeth Jose

HSS
Rank 1



Maria Catherine Eby

HSS
Rank 4



Roshna Shabu

## Catechism Annual-Exam

Catechism Annual-Exam ജനുവരി 31–ാം തിയതി ഓൺലൈൻ ആയി നടത്തി. 1 മുതൽ 5 ഉൾപ്പെടെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് രാവിലെ 9 മണിക്കും; 6 മുതൽ 9 ഉൾപ്പെടെയുള്ളവർ 10.30 നും; 10, 11, 12 ക്ലാസ്സുകാർ 12 മണിക്കും ആണ് Exam നടത്തിയത്. 6 മുതൽ 12 വരെയുള്ളവർക്ക് Zoom Platform ൽ ആയിരുന്നു Exam.

### ആദ്യകുർബാന–സ്ഥൈര്യലേപന സ്വീകരണം

ഈ വർഷം ആദ്യകുർബാനയും സ്ഥൈര്യലേപനവും സ്വീകരിക്കുന്ന കുട്ടികൾക്കുള്ള ക്ലാസ്സുകൾ ശനിയാഴ്ചകളിൽ ഓൺലൈനായും ഞായറാഴ്ചകളിൽ വിവിധ ഗ്രൂപ്പുകളായി നേരിട്ടും നടത്തിവരുന്നു. ഏപ്രിൽ 24–ാം തിയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ആദ്യകുർബാന–സ്ഥൈര്യലേപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കും.

## Parish News

- നിത്യാരാധന ചാപ്പൽ ഫെബ്രുവരി 14–ാം തിയതി മുതൽ രാവിലെ 6 മണി മുതൽ വൈകുന്നേരം 8 മണി വരെ ആരാധനയ്ക്കായി തുറന്നു. നിശബ്ദ പ്രാർത്ഥനക്കായി ഈ അവസരം ഉപയോഗിക്കുക.
- അടുത്ത Marriage Preparation Course, March 12, 13, 14 – വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈൻ ആയി നടത്തപ്പെടുന്നു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും പാരീഷ് വെബ്സൈറ്റ് കാണുക.
- പാരീഷ് ഹാളിനോട് ചേർന്ന് പുതിയതായി നിർമ്മിച്ച കിച്ചൺ–ഗസ്റ്റ് റൂം ബ്ലോക്കിന്റെ ആശീർവ്വാദകർമ്മം ഫെബ്രുവരി 28–ാം തിയതി വൈകുന്നേരം 5.15 ന് ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ധർമ്മാരാം റെക്ടർ റവ.ഡോ. പോൾ അച്ചാണ്ടി സി.എം.ഐ. എന്നിവർ ചേർന്ന് നിർവ്വഹിക്കും.

## Upcoming Events

March 12, 13, 14 Marriage Preparation Course

March 28 Sun Palm Sunday: 6.30 am Blessing of Palms, Procession, Holy Qurbana

March 29, 30, 31 Holy Week Preparation & Confession (6 pm – 8.30 pm)

April 1 Thu Maundy Thursday - 5.30 pm Solemn Holy Qurbana

April 2 Fri Good Friday 7 am Passion service, 5.30 pm - Way of the Cross-Inside the church compound

April 3 Sat Holy Saturday 6.30 am Holy Service, Holy Qurbana 6.00 pm, Easter Vigil 08.30 pm

April 4 Sun Easter Sunday 7 am, 9 am, 11.00 am, 6.00 pm Holy Qurbana

April 9, 10, 11 Marriage Preparation Course

April 24 Sat. First Holy Communion 4 pm - Mar Sebastian Adayanthrath